പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6714 09/11/2016 -ൽ മറുപടിയ്ക്ക്

## ശബരിമല മാലിന്യ നിർമ്മാർജനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>ബഹു. വൈദ്യുതിയും ദേവസ്വവും<br>വകുപ്പു മന്ത്രി. | |
| എ) | ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട്, വരുന്ന സീസണിലേക്ക് ശുചീകരണ പ്രവൃത്തികൾക്കും മാലിന്യനിർമ്മാർജനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | എ) | ശബരിമല സാനിട്ടേഷൻ സൊസൈറ്റി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡ്, വിവിധ വകുപ്പുകൾ എന്നിവയുടെ യോജിച്ച പ്രവർത്തനത്തിലൂടെ ജൈവമാലിന്യ നിർമ്മാർജ്ജനം ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സന്നിധാനത്ത് 5 എം.എൽ.ഡി. ശേഷിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഈ തീർത്ഥാടന കാലത്ത് പൂർണ്ണമായും പ്രവർത്തനക്ഷമമാകും. പമ്പയിൽ തുണികൾ ഉപേക്ഷിക്കുന്നതും, പ്ലാസ്റ്റിക് ഉപയോഗിക്കുന്നതും ബോധവൽക്കരണത്തിലൂടെ തടയുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ